"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ സ്ഥിരം തൊഴിലാളിയായിരുന്ന ശ്രീ.സജേഷ് തമ്പിക്ക് 04/06/2016 മുതൽ 17/10/2016 വരെയുള്ള 136 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**കൃഷി (ഹംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.648/2023/AGRI തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/08/2017 ലെ എൽ.ഡബ്ല്യൂ(1) 33816/2017 നമ്പർ കത്ത്.
2. സ ഉ (എം എസ്) നം.82/08/കൃഷി ; തീയതി 05/05/2008.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 07/12/2021 ലെ എൽ.ഡബ്ല്യൂ(1) 33816/2017 നമ്പർ കത്ത്.
4. 04/06/2016, 29/06/2016, 01/10/2016 എന്നീ തീയതികളിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ.
5 കൊച്ചി കോർപ്പറേഷൻ നൽകിയ മരണ സർട്ടിഫിക്കറ്റ്

**<u>ഉത്തരവ്</u>**

ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ സ്ഥിരം തൊഴിലാളിയായ സജേഷ് തമ്പിക്ക് ടിയാന്റെ ആരോഗ്യ സ്ഥിതി മോശമായ സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇൻവാലിഡ് പെൻഷൻ നല്കി സേവനത്തിൽ നിന്നും വിടുതൽ നൽകണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സൂചന (1) പ്രകാരം അപേക്ഷിച്ചിരുന്നു. സർക്കാർ മേൽ വിഷയം പരിശോധിച്ച് വരവെ കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് സജേഷ് തമ്പി 09/10/2020 ൽ മരണമടഞ്ഞതായും ആയതിനാൽ ടിയാൻ ജോലിക്ക് ഹാജരാകാതിരുന്ന 04/06/2016 മുതൽ 17/10/2016 വരെയുള്ള 136 ദിവസത്തെ അവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യ വേതനാവധിയായി പരിഗണിച്ച് ടിയാന്റെ ഹാജരില്ലായ്മ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചന (3) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ സ്ഥിരം തൊഴിലാളിയായിരുന്ന സജേഷ് തമ്പി മരണപ്പെട്ട സാഹചര്യം കൂടി കണക്കിലെടുത്തു കൊണ്ട്, ടിയാൻ ജോലിയ്ക്ക് ഹാജരാകാതിരുന്ന 04/06/2016 മുതൽ 17/10/2016 വരെയുള്ള 136 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുകുമാർ ബി റ്റി

ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
സജേഷ് തമ്പിയുടെ നിയമപരമായ അവകാശിയ്ക്ക്.(കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ